# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6626 — 09.07.2014-ൽ മറുപടിക്ക്

### പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ വീട്ടു നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി ഉബൈദുള്ള: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, വില വർദ്ധനവും, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും, വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണച്ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി യുടെ ഒരു ഉല്പന്നമായ GFRG (ഗ്ലാസ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.റ്റി യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ സാങ്കേതിക വിദ്യ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കി വരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്.<br>കെട്ടിട നിർമ്മാണ മേഖലയിൽ പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിലുള്ള നിർമ്മാണ പ്രവർത്തികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നിരവധി ഉല്പന്നങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉല്പാദനശാലകളിൽ നിർമ്മിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാനത്ത് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

### സാഫല്യം ഭവന പദ്ധതി

ഭൂഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടിയും, സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. സർവ്വീസ് ചാർജില്ലാതെ 280 ച. അടി വിസ്തീർണ്ണം വരുന്ന ഫ്ലാറ്റിന്റെ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും (168 മാസത്തവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്) 25,000/- രൂപ സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തി (സ്പോൺസർ) വിഹിതവും, 25,000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്.

### ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും ഉള്ള ദുർബലവിഭാഗം (BPL/APL) താഴ്ന്നവരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായവ്യക്തി (സ്പോൺസർ) യുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. പരമാവധി 60 ച. മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മാണത്തിനുള്ള സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയും, സർക്കാർ സബ്സിഡി 2 ലക്ഷം രൂപയുമാണ്. വീട് പൂർത്തിയാക്കുന്നതിനാവശ്യമായ ബാക്കി തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്. ഗുണഭോക്താക്കളെ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. സ്പോൺസറുടെ വിഹിതമായ 1 ലക്ഷം രൂപയും, ഗുണഭോക്തൃവിഹിതമായി 1 ലക്ഷം രൂപയും ബോർഡിൽ മുൻകൂറായി അടയ്ക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ സബ്സിഡി തുകയായ 2 ലക്ഷം രൂപയും ചേർത്തുള്ള 4 ലക്ഷം രൂപ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ലഭ്യമാക്കുന്നതാണ്.

## സായൂജ്യം ഭവന പദ്ധതി

2012 വർഷത്തെ ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിനാവശ്യമായ പ്ലോട്ടുകൾ വികസിപ്പിച്ചെടുക്കുന്നു. ഇടത്തരം വരുമാനക്കാർക്കുവേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കോട്ടയം ജില്ലയിലെ അയ്യർക്കുന്നത്തും കാസർഗോഡിലെ മാഥൂറിലും ബോർഡിന്റെ കൈവശമുള്ള സ്ഥലത്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പൂർണ്ണമായും ബോർഡിന്റെ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി

ഫ്ലാറ്റുകളുടെ വിൽപ്പന വില ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് ഇടത്തരം/ഉയർന്ന വരുമാന വിഭാഗത്തിലുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതിയാണിത്.

## സങ്കേതം ഭവന പദ്ധതി

2012 വർഷത്തെ ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഭൂമിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിക്ക് അനുയോജ്യമായ ഭൂമികൾ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. താഴ്ന്ന വരുമാന വിഭാഗക്കാർക്ക് പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. 400 ച. അടി വിസ്തീർണ്ണമുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും, 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും, 2 ലക്ഷം രൂപ പഞ്ചായത്ത് വഴി വായ്പയായി സമാഹരിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

## കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയ്ക്കായി 2011-12 വർഷത്തെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. ഒന്നാം ഘട്ടത്തിലൂടെ 218 വീടുകൾ പുനർനിർമ്മിച്ചിട്ടുണ്ട്.